**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 602** **28-01-2026 - ൽ മറുപടിയ്ക്ക്**

**ബാംബു കോർപ്പറേഷനിലെ ജീവനക്കാരുടെയും ഫാക്ടറി തൊഴിലാളികളുടെയും ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ബാംബു കോർപ്പറേഷനിലെ ജീവനക്കാർക്കും ഫാക്ടറി തൊഴിലാളികൾക്കും എത്രമാസമായി ശമ്പളം നൽകാനുണ്ടെന്നു വിശദമാക്കാമോ; | (എ) | 8 മാസത്തെ ശമ്പളവും, ഒരു മാസത്തെ കോവിഡ് സാലറിയും നൽകാനുണ്ട് |
| (ബി) | ജീവനക്കാരുടെയും തൊഴിലാളികളുടെയും ഡി. എ. കുടിശ്ശിക, വിരമിച്ചവർക്ക് പി. എഫ്. , ഗ്രാറ്റുവിറ്റി ഉൾപ്പെടെ നൽകുന്നതിനായി എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച കണക്ക് വകുപ്പിന്റെ പക്കൽ ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഡിഎയ്ക്കു പുറമെ വിരമിച്ചവർക്ക് പി.എഫ്. കുടിശ്ശികയായി ഏകദേശം 3 കോടി രൂപയും, ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനായി 2 കോടി രൂപയും വേണ്ടി വരുമെന്ന് കണക്കാക്കുന്നു. |
| (സി) | പ്രസ്തുത കോർപ്പറേഷനിലെ തൊഴിലാളികൾക്കും ജീവനക്കാർക്കും നൽകേണ്ട കുടിശ്ശിക എന്ന് കൊടുക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് വിരമിക്കൽ ആനുകൂല്യങ്ങളും പ്രസ്തുത സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ടിൽ നിന്നാണ് നൽകേണ്ടത്. ആധുനിക വത്കരണത്തിനും വർക്കിംഗ് ക്യാപ്പിറ്റൽ ആവശ്യങ്ങൾക്കുമായി സർക്കാർ ബജറ്റിൽ നിന്നും ഫണ്ട് അനുവദിക്കുന്നു. ബാംബൂ കോർപ്പറേഷന് വർക്കിംഗ് കാപ്പിറ്റൽ ഇനത്തിൽ 10.03.2025-ൽ 180 ലക്ഷം രൂപയും, 18.06.2025-ൽ 80 ലക്ഷം രൂപയും, 17.07.2025-ൽ 60 ലക്ഷം രൂപയും, 01.09.2025-ൽ 80 ലക്ഷം രൂപയും, 25.10.2025-ൽ 54,39,851 രൂപയും അനുവദിച്ചിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി കുടിശ്ശികയിനത്തിൽ 22.02.2025-ൽ 195 ലക്ഷം രൂപയും, 04.11.2025-ൽ 1,25,60,149 രൂപയും ബാംബൂ കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. ബാംബൂ കോർപ്പറേഷനിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ജീവനക്കാർക്കും തൊഴിലാളികൾക്കുമുള്ള കുടിശ്ശികകൾ കൊടുത്തു തീർക്കുവാൻ സാധിക്കും |
| (ഡി) | ജീവനക്കാരുടെയും തൊഴിലാളികളുടെയും ആനുകൂല്യം നൽകുന്നത് സംബന്ധിച്ച് ബഹു. വ്യവസായ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗങ്ങളിൽ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടുവെന്നും അതിൽ ഏതെല്ലാം തീരുമാനമാണ് നടപ്പിലാക്കിയത് | (ഡി) | ബഹു: വ്യവസായ മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗങ്ങളിൽ എടുത്ത തീരുമാനങ്ങൾ ഓരോന്നായി നടപ്പിലാക്കി വരുന്നു. പ്രവർത്തന രഹിതമായ ഡിപ്പോയുടെ ക്രമീകരണം നടത്തുന്നതിലേക്കായി സബ്ഡിപ്പോകൾ പൂർണമായും |

| | | | |
|---|---|---|---|
| | എന്നും ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | അടച്ചു. മറ്റു ഡിപ്പോയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തൊഴിലാളികൾക്കായി പരിശീലന പരിപാടികൾ ആരംഭിച്ചു. കെട്ടികിടക്കുന്ന ഈറ്റയിൽ ഉപയോഗയോഗ്യമാക്കാവുന്നത് പനമ്പാക്കി മാറ്റുന്നതിനും ശ്രമിക്കുന്നു. കോർപ്പറേഷന്റെ ഭൂമി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. തൊഴിലാളികളുടെ വേതനം കാലതാമസം കൂടാതെ ബാങ്ക് വഴി വിതരണം ചെയ്യുന്നുണ്ട്. യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു |
| (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത കോർപ്പറേഷൻ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും പുതിയതായി നടപ്പിലാക്കിയ പദ്ധതികളുടെയും അനുവദിച്ച തുകയുടെയും വിവരം ലഭ്യമാക്കാമോ? | (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ നവീകരിക്കുന്നതിന് വർക്കിംഗ് ക്യാപിറ്റൽ ലോൺ ഇനത്തിൽ 27 കോടി 95 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 'Modernization of existing plant and machinery' എന്ന പദ്ധതിയ്ക്കായി നടപ്പു വർഷം ആകെ 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

**ബാംബൂ മേഖലയിലെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് 24.09.2025 തീയതിയിൽ 11.00 മണിയ്ക്ക് ബഹു.വ്യവസായ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്**

(യോഗത്തിൽ പങ്കെടുത്തവരുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)

മുള, ഈറ്റ തൊഴിലുമായി ബന്ധപ്പെട്ടു നിൽക്കുന്ന എല്ലാ സംഘടനകളുടേയും യോഗം വിളിച്ചു ചേർക്കണമെന്ന ആവശ്യം വിവിധ സംഘടനകളിൽ നിന്നുണ്ടായതിന്റെ അടിസ്ഥാനത്തിലാണ് യോഗം വിളിച്ചു ചേർക്കുന്നതെന്ന് ആമുഖമായി ബഹു.വ്യവസായ വകുപ്പ് മന്ത്രി അറിയിച്ചു.

തുടർന്ന് ബാംബൂ മിഷന്റെ പ്രവർത്തനങ്ങൾ കെ-ബിപ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിശദീകരിച്ചു. ബാംബൂ മിഷന്റെ രൂപീകരണം, പ്രവർത്തന മേഖല, ബാംബൂ മിഷൻ നടപ്പിലാക്കുന്ന സ്കിൽ ഡെവലപ്പ്മെൻ്റ് പരിശീലനം, മാർക്കറ്റിംഗ് സഹായം, ബാംബൂ ഫെസ്റ്റ്, ഇന്നൊവേഷൻ സെന്റർ, നാഷണൽ ബാംബൂ മിഷൻ പ്രോജക്റ്റുകൾ തുടങ്ങിയ വിഷയങ്ങൾ അവതരിപ്പിച്ചു. തൊഴിലാളികളുടെ രജിസ്ട്രേഷൻ, ടൂളുകളുടെ വിതരണം, ഗുണമേന്മയുള്ള ഉത്പന്ന നിർമ്മാണ പരിശീലനം, പ്രദർശനങ്ങളിലെ പങ്കാളിത്തം എന്നിവയെക്കുറിച്ച് ആമുഖമായി ചർച്ച നടന്നു.

കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ നടത്തി വരുന്ന പ്രവർത്തനങ്ങൾ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അവതരിപ്പിച്ചു. 2024-25 വർഷത്തിൽ ബാംബൂ കോർപ്പറേഷൻ 660.99 MT ഈറ്റ കളക്റ്റ് ചെയ്തുവെന്നും 2025-26-ൽ വാഴച്ചാൽ ഡിവിഷനിലും മാങ്കുളം ഡിവിഷനിലുമായി 1500 MT ഈറ്റ അനുവദിച്ചിട്ടുണ്ടെന്നും എന്നാൽ ഈറ്റ വെട്ടുന്നതിനു അനുമതി ലഭിച്ചിരിക്കുന്നത് ഒരു മാസത്തേയ്ക്ക് മാത്രമാണെന്നും 01.11.2025 മുതൽ 31.10.2030 വരെ എഗ്രിമെന്റ് പുതുക്കി നൽകുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ടെന്നും എം.ഡി അറിയിച്ചു. 2024-25 കാലഘട്ടത്തിൽ ഈറ്റവെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ട് വഴി ലഭിക്കേണ്ട തുക മുടക്കം കൂടാതെ നൽകി വരുന്നുവെന്നും ബാംബൂ കോർപ്പറേഷൻ എം.ഡി അറിയിച്ചു.

തുടർന്ന് തൊഴിലാളി സംഘടനാ പ്രതിനിധികൾ ഈറ്റ, മുള മേഖല നേരിടുന്ന ചുവടെ സൂചിപ്പിച്ചിരിക്കുന്ന വിഷയങ്ങൾ അവതരിപ്പിച്ചു.

- നിലവിൽ അനുവദിച്ചിട്ടുള്ള ഈറ്റ ശേഖരണം പരിമിതമാണ്. അടിയന്തരമായി ഈറ്റ വിതരണം ഉറപ്പാക്കുകയും ഡിപ്പോകളിൽ കെട്ടിക്കിടക്കുന്ന ഈറ്റ വിതരണം ചെയ്യുകയും ചെയ്യണം.
- മാങ്കുളം ഡിവിഷനു പുറമേ മറ്റ് പ്രദേശങ്ങളിൽ നിന്നും ഈറ്റ വെട്ടുന്നതിനുള്ള അനുമതി നൽകണം.
- 2019 സെപ്റ്റംബർ മുതൽ 2024 മാർച്ച് വരെയുള്ള ക്ഷാമബത്ത കുടിശ്ശിക വിതരണം ചെയ്യണം.
- പൂട്ടിക്കിടക്കുന്ന പ്ലൈവുഡ് ഫാക്ടറി വീണ്ടും തുറന്നു പ്രവർത്തിപ്പിക്കണം.
- 60 വയസ്സിനു മുകളിലുള്ള തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കണം.
- തൊഴിലാളികൾക്ക് ട്രേഡ് സർട്ടിഫിക്കറ്റ് നൽകി രജിസ്റ്റർ നമ്പർ ലഭ്യമാക്കണം.

ട്രേഡ് സർട്ടിഫിക്കറ്റ് നൽകുന്നതിലൂടെ ആനുകൂല്യങ്ങൾ സുതാര്യമായി ലഭ്യമാക്കണം.

- കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ചെയർമാൻ സ്ഥാനത്ത് സാംബവ സമൂഹത്തിൽപ്പെട്ടവരെ നിയമിക്കണം.
- ഈറ്റ ഡിപ്പോകളിൽ ചെന്ന് കളക്റ്റ് ചെയ്യുന്നതിന് തുച്ഛവരുമാനക്കാരായ തൊഴിലാളികൾക്ക് വലിയ തുക വാഹന കൂലി ഇനത്തിൽ ചെലവു വരുന്നു. ആയതിനാൽ തൊഴിലാളികളുടെ ഉന്നതികളിൽ ബാംബൂ നേരിട്ട് എത്തിക്കുന്നതിന് ബാംബൂ കോർപ്പറേഷൻ നടപടിയെടുക്കണം.
- തിരുവനന്തപുരം ജില്ലയിൽ പനമ്പ് ഉപയോഗിച്ച് പ്ലൈവുഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.
- ഫണ്ടുകളുടെ 1% പോലും യഥാർത്ഥ തൊഴിലാളികളിൽ എത്തുന്നില്ല.
- ഈറ്റ ഉണങ്ങിക്കിടന്ന് നശിച്ചു പോകുന്നു. ഈറ്റ ഉപയോഗിക്കാതെ നശിക്കുന്ന സാഹചര്യം ഒഴിവാക്കണം.
- ഈറ്റ തൊഴിലാളികൾ കൂടുതലും സാംബവസഭക്കാരാണെങ്കിലും തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെപ്പറ്റി സാംബവസഭയ്ക്ക് അറിയിപ്പൊന്നും ലഭിക്കുന്നില്ല.
- ബാംബൂ കോർപ്പറേഷനിൽ നിന്നും ഒരു കുടുംബത്തിന് ഒരു പാസ്സ് ബുക്ക് ആണ് നൽകുന്നത്. ആ സമ്പ്രദായം മാറ്റുകയും ഈറ്റ തൊഴിൽ ചെയ്യുന്ന എല്ലാവർക്കും വേറെ വേറെ പാസ്സ് ബുക്ക് നൽകണം.
- ബാംബൂ മിഷനിൽ നിന്നുള്ള സഹായം അടിസ്ഥാന വർഗ്ഗത്തിന് ലഭ്യമാകണമെങ്കിൽ പഞ്ചായത്ത് തലത്തിൽ കമ്മിറ്റി രൂപീകരിക്കണം.
- ഉത്സവ സീസണിൽ മാത്രമാണ് തൊഴിൽ ലഭിക്കുന്നത്
- പുതിയ പാസ്സ് ബുക്ക് അനുവദിക്കുന്നില്ല.
- തൊഴിലാളികൾക്ക് ലഭിക്കുന്ന ഈറ്റ ഗുണനിലവാരം ഇല്ലാത്തതാണ്.
- ആവശ്യമുള്ളവർക്ക് 4 കെട്ട് ഈറ്റ നൽകുന്നതിന് നടപടി സ്വീകരിക്കണം
- ബാംബൂ മിഷനിൽ നിന്നുള്ള ധനസഹായം കരകൗശല വിഭാഗങ്ങൾക്കാണ് ലഭ്യമാകുന്നത്. പനമ്പ് നെയ്ത്തുകാർക്ക് ലഭിക്കുന്നില്ല.
- ചെറുകിയ യൂണിറ്റ് തുറന്ന് പരിശീലനം നൽകുന്നതിന് ത്രിതല പഞ്ചായത്തുകളുടെ പ്രോജക്ടിൽ ഉൾപ്പെടുത്തണം.
- ബാംബൂ കോർപ്പറേഷനിൽ ശമ്പള പരിഷ്ക്കരണം നടപ്പാക്കണം.
- ബാംബൂ കോർപ്പറേഷനിലെ വിരമിച്ച ജീവനക്കാർക്ക് പി.എഫ് തുക ലഭിക്കുന്നതിലേയ്ക്കായി പി.എഫ് ഓഫീസിൽ അന്വേഷണം നടത്തുന്നതിന് കോർപ്പറേഷൻ ജീവനക്കാരെ നിയോഗിക്കണം.
- വിരമിക്കുന്നവരുടെ ഗ്രാറ്റുവിറ്റി, അടിയന്തരമായി നൽകണം. പെർഫോമൻസ് അലവൻസ് തിരിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കണം.
- ബാംബൂ വച്ചു പിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.
- ബാംബൂ മേഖലയിലെ പ്രശ്നങ്ങൾ വിശദമായി പഠിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കണം

ബാംബൂ കോർപ്പറേഷൻ തൊഴിലാളികൾക്ക് നൽകേണ്ട സ്റ്റാറ്റ്യൂട്ടറി വിഹിതം സർക്കാർ നൽകുകയാണ് ചെയ്യുന്നതെന്നും വനം വകുപ്പുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് വനം വകുപ്പ് ഈറ്റ നൽകുന്നതെന്നും അലോട്ട് ചെയ്ത ഈറ്റ മുഴുവൻ എടുക്കുന്നില്ല എന്നതാണ് ഈറ്റ ലഭ്യതയുടെ

കുറവിനു കാരണമെന്ന് ബഹു.വ്യവസായ വകുപ്പു മന്ത്രി പറഞ്ഞു. തുടർന്ന് സംഘടനകൾ മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ പരിശോധിക്കുന്നതാണെന്നും അറിയിച്ചു. ബാംബൂ മിഷൻ, ബാംബൂ കോർപ്പറേഷൻ, വ്യവസായ വാണിജ്യ ഡയറക്ടർ എന്നിവർ ചേർന്ന് ഏകോപന സമിതി രൂപീകരിക്കാൻ തീരുമാനിക്കുകയും ഒരു മാസത്തിനകം റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കണമെന്നും നിർദ്ദേശം നൽകി. തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി പാസ്ബുക്ക് ആധാറുമായി ബന്ധിപ്പിക്കൽ, ഡിജിറ്റൽ പേയ്മെന്റ് സംവിധാനം എന്നിവ നടപ്പാക്കുന്നതിനും കെട്ടിക്കിടക്കുന്ന ഈറ്റ വിതരണം ചെയ്യാനും തൊഴിൽ മേഖലയിലെ ക്ഷേമത്തിന് വേണ്ടിയുള്ള നടപടികൾ കൈക്കൊള്ളാനും തീരുമാനമായി.

**<u>യോഗത്തീരുമാനങ്ങൾ</u>**

1) ബാംബൂ കോർപ്പറേഷൻ പുനഃസംഘടിപ്പിക്കുന്നതിലേയ്ക്കായി കോർപ്പറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തി ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുക. (നടപടി: **Board for Public Sector Transformation (BPT)**

2) പ്രവർത്തനരഹിതമായ ഡിപ്പോകളുടെ ക്രമീകരണം നടത്തുന്നതിലേയ്ക്കായി തൊഴിലാളികൾ ഇല്ലാത്ത ഡിപ്പോകൾ അടച്ചുപൂട്ടി, മറ്റു ഡിപ്പോകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. (നടപടി : കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ)

3) വ്യവസായ വാണിജ്യ ഡയറക്ടർ ചെയർമാനായി, ബാംബൂ മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറും ചേർന്ന് സംയുക്ത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു സമിതി (കോ-ഓർഡിനേഷൻ കമ്മിറ്റി) രൂപീകരിച്ച്, ബി.പി.റ്റിയുടെ പഠന റിപ്പോർട്ടിൽ ചർച്ച നടത്തി നവംബർ പകുതിയോടു കൂടി ഒരു മീറ്റിംഗ് വിളിച്ചു ചേർക്കുക. (നടപടി:വ്യവസായ വാണിജ്യ ഡയറക്ടർ,ബാംബൂ മിഷൻ,കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ)

4) തിരുവനന്തപുരം കേന്ദ്രമായി ഈറ്റ തൊഴിലാളികളുടെ സംഗമം സംഘടിപ്പിച്ച് പാസ്ബുക്കുകൾ പുതുക്കുകയും രജിസ്ട്രേഷൻ നടത്തുകയും ചെയ്യുക. (നടപടി : ബാംബൂ കോർപ്പറേഷൻ, ബാംബൂ മിഷൻ, വ്യവസായ വാണിജ്യ ഡയറക്ടർ)

5) തൊഴിലാളികളുടെ പാസ്ബുക്ക് ആധാറുമായി ബന്ധിപ്പിക്കുന്ന നടപടികൾ സ്വീകരിക്കുക. (നടപടി : ബാംബൂ കോർപ്പറേഷൻ, വ്യവസായ വാണിജ്യ ഡയറക്ടർ)

6) ബാംബൂ തൊഴിലാളികൾക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ബാംബൂ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജന അവബോധം സൃഷ്ടിക്കുന്നതിനായി പരിപാടികൾ നടത്തുകയും ചെയ്യുക.(നടപടി : ബാംബൂ കോർപ്പറേഷൻ, ബാംബൂ മിഷൻ)

8) കോർപ്പറേഷന്റെ കീഴിൽ കെട്ടിക്കിടക്കുന്ന ഈറ്റ വിതരണം ചെയ്യാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുക.(നടപടി : ബാംബൂ കോർപ്പറേഷൻ, )

9) ബോർഡ് യോഗത്തിൽ തീരുമാനമെടുത്ത് കോർപ്പറേഷന്റെ ഭൂമിയിൽ വരുമാനം ലഭ്യമാകുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുക. (നടപടി:ബാംബൂ കോർപ്പറേഷൻ)

10) തൊഴിലാളികളുടെ വേതനം ബാങ്ക് വഴി കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനായി

റിവോൾവിങ് ഫണ്ട് നടപ്പിലാക്കുക. (നടപടി:ബാംബൂ കോർപ്പറേഷൻ, ബാംബൂ മിഷൻ, വ്യവസായ വാണിജ്യ ഡയറക്ടർ)

യോഗത്തിൽ പങ്കെടുത്തവർക്ക് വ്യവസായ വകുപ്പ് മന്ത്രി നന്ദി രേഖപ്പെടുത്തിക്കൊണ്ട് യോഗം അവസാനിപ്പിച്ചു.

പി രാജീവ്
**MINISTER**

യോഗത്തിൽ പങ്കെടുത്തവർ

1. ശ്രീ.എ.പി.എം.മുഹമ്മദ് ഹനീഷ്, ഐ.എ.എസ്, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്
2. ശ്രീ.വിഷ്ണുരാജ്.ഐ.എ.എസ്, വ്യവസായ വാണിജ്യ ഡയറക്ടർ
3. ശ്രീ.പി.രാമഭദ്രൻ, ചെയർമാൻ കരകൗശല വികസന കോർപ്പറേഷൻ,
4.ശ്രീ.എ.സമ്പത്ത് (Ex-MP), CITU
5.ശ്രീ.പി.ജെ.ജോയ്, കേരള ബാംബൂ കോർപ്പറേഷൻ, INTUC, അങ്കമാലി
6. ശ്രീ.കെ.എ.ചാക്കോച്ചൻ, CITU,അങ്കമാലി

7.കമാൻഡർ പി.സുരേഷ് (Rtd), മാനേജിംഗ് ഡയറക്ടർ, ബാംബൂ കോർപ്പറേഷൻ തിരുവനന്തപുരം
8.ശ്രീ.അജിത് കുമാർ.കെ, എക്സി.ചെയർമാൻ, ബി.പി.റ്റി
9.ശ്രീ.സൂരജ്.എസ്, സി.ഇ.ഒ, കെ-ബിപ്/ബാംബൂ മിഷൻ
10. ശ്രീ.സിമി.സി.എസ്, അഡീ.ഡയറക്ടർ, DIC
11.. ശ്രീ.ഡി.ആർ.വിനോദ്, ജനറൽ സെക്രട്ടറി, കേരള സാംബവസഭ
12. ശ്രീ.ഐ.ബാബു കുന്നത്തൂർ, ജനറൽ സെക്രട്ടറി, കേരള സാംബവർ സൊസൈറ്റി
13. ശ്രീ.പി.കറുപ്പയ്യ, സ്റ്റേറ്റ് പ്രസിഡന്റ്, കേരള സാംബവർ സൊസൈറ്റി
14. ശ്രീ.കെ.കെ.ഷിബു, ബാംബൂ കോർപ്പറേഷൻ, അങ്കമാലി
15. ശ്രീ.കെ.സി.ആർ.തമ്പി, ജനറൽ സെക്രട്ടറി ഇൻ ചാർജ്ജ്, സാംബവസഭ
16. ശ്രീ.സി.വി.ശശി, ബാംബൂ കോർപ്പറേഷൻ വർക്കേഴ്സ് ഫെഡറേഷൻ, AITUC
17. ശ്രീ.അപ്പുക്കുട്ടൻ, വൈസ് പ്രസിഡന്റ്, പരമ്പരാഗത ഈറ്റ, തഴ, മുള, ചൂരൽ, കാട്ടുവള്ളി വർക്കേഴ്സ് യൂണിയൻ
18. ശ്രീ. ജി.ഷൺമുഖൻ, ജനറൽ സെക്രട്ടറി, പരമ്പരാഗത ഈറ്റ, തഴ, മുള, ചൂരൽ, കാട്ടുവള്ളി വർക്കേഴ്സ് യൂണിയൻ
19. ശ്രീ.എൻ. ബേബി, സെക്രട്ടറി, സ്വതന്ത്ര ഈറ്റ തൊഴിലാളി യൂണിയൻ സംയുക്ത സമരസമിതി
20.. ശ്രീ.എസ്.ദിവാകരൻ, വൈസ്പ്രസിഡന്റ്, ഈറ്റ, തഴ, മുള, ചൂരൽ, കാട്ടുവള്ളി വർക്കേഴ്സ് യൂണിയൻ
21. ശ്രീ.എൻ.സജ്ന, ബാംബൂ കോർപ്പറേഷൻ, INTUC
22. ശ്രീ.സുരേഷ് കുമാർ..എം, , ബാംബൂ കോർപ്പറേഷൻ ഡീപ്പോ ഇൻ ചാർജ്ജ്
23. ശ്രീ.അനിക്കുട്ടൻ, പ്രസിഡന്റ്, കേരള സാംബവസഭ
24. ശ്രീ.ആർ.ബാബൂ, സ്റ്റേറ്റ് വൈസ് പ്രസിഡന്റ്, കേരള സാംബവസഭ
25. ശ്രീ.മഞ്ചയിൽ വിക്രമൻ, സ്റ്റേറ്റ് ജനറൽ സെക്രട്ടറി, കേരള സാംബവസഭ

26. ശ്രീ.എൻ.വിജയകുമാർ, **CITU**
27. ശ്രീ. ലോറൻസ്, **KSDS President**
28. ശ്രീ.തങ്കച്ചൻ, സെക്രട്ടറി, **KSDS**
29. ശ്രീ.സുവേന്ദ്രൻ.സി, കേരള സാംബവസഭ
30. ശ്രീ.ബ്ലസ്സം ഐസക്ക്, കേരള ദളിത് ഫെഡറേഷൻ

31.ശ്രീ.റോയ് വർഗ്ഗീസ് ഈപ്പൻ, ബി.പി.റ്റി
32. ശ്രീ.രഞ്ജിനി.കെ, **PO**, കെ-ബിപ്/ബാംബൂ മിഷൻ
33. ശ്രീ.പ്രേംജിത്ത്, **DIC**
34.. ശ്രീ.വാൻറോയ്.എസ്, ജനറൽ മാനേജർ, കെ-ബിപ്/ബാംബൂ മിഷൻ

35.ശ്രീ.കെ.ജെ.സെവി, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ